മാറ്റൊലി

ഇഹ്സാൻ

# ഫയലും തൂക്കി അലയുന്ന ഗതികേട്

**പ്രതി** കൈയിലുണ്ടായിട്ടും മുംബൈ ആക്രമണത്തെ കുറിച്ച അന്വേഷണങ്ങളും ചോദ്യം ചെയ്യലുകളും കൂടുതൽ ആശയക്കുഴപ്പങ്ങളുണ്ടാക്കുകയാണ് ചെയ്യുന്നത്. കസബിന്റെ തിരിച്ചറിയൽ പരേഡ് ഉടനെ നടക്കുമെന്ന അറിയിപ്പ് പ്രസിദ്ധീകരിച്ചു എന്നല്ലാതെ തുടർന്നുണ്ടായ കാര്യങ്ങൾ പൊതുജനത്തെ അറിയിക്കുന്നതിന് മാധ്യമങ്ങൾ ഒരു പ്രാധാന്യവും നൽകിയില്ല. കസബിനെ സംഭവത്തിന്റെ രണ്ടു ദിവസം മുമ്പ് പലചരക്കുകടയിലും മദ്യഷാപ്പിലും ഇറച്ചിക്കടയിലും മറ്റും കണ്ടുമുട്ടിയെന്ന് മാധ്യമങ്ങളുടെ മുമ്പിൽ സാക്ഷി പറഞ്ഞവരിൽ എത്രപേർ ഈ പരേഡിൽ പങ്കെടുത്തു എന്ന് അറിയാൻ ഇനി വിവരാവകാശനിയമം അനുസരിച്ച് ഹരജി കൊടുക്കേണ്ടിവരും. ബോട്ടുകൾ ഒന്നല്ല ഏഴായിരുന്നെന്ന് സത്യപ്പെടുത്തിയവരും, തീവ്രവാദികൾ പത്തല്ല മുപ്പതാണെന്ന് പറഞ്ഞവരും, ഏറ്റുമുട്ടിയവരിൽ തൊലിവെളുത്ത സായിപ്പന്മാർ ഉണ്ടായിരുന്നുവെന്ന് ആണയിട്ടവരും ഈ പരേഡുകളിലൊന്നും പങ്കെടുക്കാൻ തരമില്ല. പോലീസ് പറയുന്ന കഥയനുസരിച്ച് മൊഴി കൊടുക്കുന്നവരേ പരേഡിൽ പങ്കെടുക്കുന്നുള്ളൂ എന്നാണറിവ്. കസബ് നേരത്തെ തന്നെ ഇന്ത്യയിൽ ഉണ്ടായിരുന്നു എന്നും അദ്ദേഹം ജൂതകേന്ദ്രമായ നരിമാൻഹൗസിലാണ് താവളമടിച്ചിരുന്നതെന്നും തെളിയാതിരിക്കുമ്പോഴാണല്ലോ 'രാജ്യസ്നേഹികൾ'ക്ക് ശ്വാസം വീഴുന്നത്. ഒരു കണക്കിന് നമ്മൾ കൂപമണ്ഡൂകങ്ങളാണ്. കർക്കരെയോടൊപ്പം ഉണ്ടായിരുന്നുവെന്ന് അവകാശപ്പെടുന്ന കോൺസ്റ്റബിൾ ജാദവ് മാത്രം മതിയായിരുന്നു ഇയാളെ തിരിച്ചറിയാൻ. ജാദവ് രാജ്യസ്നേഹിയാണെന്നും രാജ്യസ്നേഹികൾക്ക് നുണപറയാൻ കഴിയില്ലെന്നും അദ്വാനിയുടെ കൈയിൽ നിന്നോ നരേന്ദ്രമോഡിയുടെ ഓഫീസിൽ നിന്നോ ഒരു സ്വഭാവ സർട്ടിഫിക്കറ്റ് വാങ്ങിയിരുന്നെങ്കിൽ പോലീസിന് കാര്യങ്ങൾ കുറേക്കൂടി എളുപ്പമാവുകയും ചെയ്തേനെ. വെറുതെയെന്തിന് തെളിവും പരേഡും സാക്ഷിമൊഴികളും മറ്റുമായി സമയം കളയണം? സംഭവത്തെ കുറിച്ച എല്ലാ വിശദാംശങ്ങളും രാഷ്ട്രീയക്കാരാണ് തീരുമാനിച്ചതെങ്കിൽ വിചാരണ നടത്തി ശിക്ഷവിധിക്കുന്നതും കൂടി അവരെ ഏൽപ്പിക്കുന്നതായിരുന്നു നല്ലത്!

പക്ഷേ, അന്താരാഷ്ട്രതലത്തിൽ മാത്രം കോടതിഭാഷയിലുള്ള തെളിവുകൾ പറപറക്കുന്നുണ്ട്. ഏറ്റവുമൊടുവിൽ കേന്ദ്ര ആഭ്യന്തരമന്ത്രി ചിദംബരം അമേരിക്കയിലേക്ക് ഫയലും കൊണ്ട് പുറപ്പെടാനൊരുങ്ങുന്നു. തെളിവുകളെ ചൊല്ലിയുള്ള ഈ ബഹളം സത്യം പറഞ്ഞാൽ ഇന്ത്യയെ നാണംകെടുത്തുകയാണ്. തങ്ങൾക്ക് ലഭിച്ചത് തെളിവുകളല്ല വെറും വിവരങ്ങളാണ് എന്ന് പാകിസ്താൻ നടത്തിയ പ്രസ്താവനയോട് ഒരു രാജ്യവും കഴിഞ്ഞ നാലു ദിവസമായി ഇന്ത്യക്കനുകൂലമായി പ്രതികരിച്ചിട്ടില്ല. ലണ്ടനിലിരുന്ന് ചിദംബരം പാകിസ്താനെതിരെ കടുത്ത ഭാഷയിൽ സംസാരിച്ചുവെങ്കിലും ഇംഗ്ലണ്ടോ അമേരിക്കയോ അദ്ദേഹത്തെ ശരിവെച്ചതായി വാർത്തകളിലില്ല. പാകിസ്താൻ കേസന്വേഷണത്തിൽ സഹകരിക്കണം എന്നതിനേക്കാൾ വലിയ ഗൗരവത്തിൽ ഏത് വിദേശരാജ്യമാണ് പ്രസ്താവനയിറക്കിയത്? ആയുധക്കച്ചവടത്തിന് ഇന്ത്യ ഒപ്പിട്ടതോടെ കോണ്ടലീസ റൈസിന്റെയും ഗോർഡൻ ബ്രൗണിന്റെയും വിരട്ടൽ അവസാനിച്ചിരുന്നുവല്ലോ. വിതരണം ചെയ്യാൻ എട്ടുവർഷമെങ്കിലുമെടുക്കുന്ന ആയുധങ്ങൾക്കു വേണ്ടിയാണ് 1500 ലക്ഷം കോടിരൂപ നാം പൊതുഖജനാവിൽ നിന്നും പാസാക്കിയത്. ഇന്ത്യയെ 2020ലെ സൂപ്പർ പവർ ആക്കുമെന്ന് അവകാശപ്പെടുന്നവരാണ് ഈ ദയനീയ പ്രകടനം കാഴ്ചവെക്കുന്നതെന്നോർക്കുക. ഒന്നുകിൽ സുരക്ഷയുടെ പേരിൽ അല്ലെങ്കിൽ യുദ്ധച്ചെലവിലേക്ക്. കൊന്നാലും കൊല്ലിച്ചാലും ജോർജ് ബുഷിന് പണം മതി. ഇവിടെ നടക്കാതെ പോയ യുദ്ധം അങ്ങ് ഗസ്സയിൽ പൊടിപൊടിക്കുന്നുണ്ടല്ലോ. ഇറാനോ ഈജിപ്തോ സിറിയയോ ആരെങ്കിലും ഒരു മിസൈൽ വിട്ടിരുന്നെങ്കിൽ എന്ന് മുട്ടിപ്പായി പ്രാർഥിക്കുന്നുണ്ടാവണം ജോർജ് ബുഷ്. ഈ തിരക്കിനിടയിൽ തൽക്കാലം ഏത് ഇന്ത്യ? ഏത് പാകിസ്താൻ?

സ്വന്തം ജനത ഈ കാപട്യങ്ങളൊന്നും തിരിച്ചറിയുന്നില്ലെന്ന് തെറ്റിദ്ധരിച്ചാണ് യു.പി.എ സർക്കാർ വൻശക്തികളുടെ പിറകെ നാണംകെട്ട് നടക്കുന്നത്. പെരുമ്പാമ്പിന്റെ മുന്നിലകപ്പെട്ട ഇരകളിലൊന്നിന്റെ ദിവാസ്വപ്നമാണിത്. താൻ ചൂണ്ടിക്കാണിച്ചു കൊടുക്കുന്ന ഇരയെ മാത്രം പാമ്പ് വിഴുങ്ങുമെന്നും താൻ അതിസമർഥമായി രക്ഷപ്പെടുമെന്നും എന്നിട്ട് ഭാവിയിൽ പാമ്പിനേക്കാൾ വലുതാവുമെന്നുമാണ് മൻമോഹൻ സിംഗ് പകൽക്കിനാവ് കാണുന്നത്. ഇരകൾ ഒന്നിച്ചുനിന്ന് പാമ്പിനെതിരെ നീങ്ങണമെന്ന ചിന്തയോളം കടുത്ത പാപം അദ്ദേഹത്തിന്റെ പഴംമനസ്സിലൊരിടത്തും കേട്ടുകേൾവി പോലുമില്ല. യഥാർഥ ഭീകരതയെ ഒരിക്കലും ഇങ്ങോർ നേരിടുന്നതേയില്ല. മതാതീതമായി ഒരേപോലെ ഭീകരതയുടെ ഇരയായ രാജ്യങ്ങളാണ് ഇന്ത്യയും പാകിസ്താനും. പക്ഷേ ഭീകരതയെ കുറിച്ച കേസന്വേഷണങ്ങളെ കപടമായ 'ദേശീയ താൽപര്യ'ങ്ങളോടാണ് ഇരുവരും കൂട്ടിക്കെട്ടുന്നത്. മുസ്‌ലിം രാജ്യമായ പാകിസ്താൻ താലിബാനെയും ലശ്കറെ ത്വയ്യിബയെയും ന്യായീകരിക്കുമ്പോൾ സ്വന്തം നാട്ടിൽ ഇതേ ഏർപ്പാടിന് പിടിയിലായ 'പുരോഹിത്, ദയാനന്ദ്, പ്രജ്ഞാദി'കളെ രക്ഷപ്പെടുത്തുന്നതിനെ കുറിച്ചും അവരുടെ കാര്യത്തിൽ അവശേഷിച്ച കേസുകൾ അന്വേഷിക്കാതിരിക്കുന്നതിനെ കുറിച്ചുമല്ലേ നമ്മുടെ ഭരണയന്ത്രവും ചിന്തിക്കുന്നത്? പാകിസ്താനിലുള്ളതിനേക്കാൾ കൂടുതൽ മുസ്‌ലിംകളുടെ മാതൃരാജ്യമായ ഇന്ത്യക്ക് മതേതരമായ സമീപനം സ്വീകരിക്കലായിരുന്നു ഭംഗി. കേണൽ പുരോഹിത് കോടതിയിൽ വരുമ്പോൾ പുഷ്പവൃഷ്ടി നടത്തുന്ന സംഘ്പരിവാരക്കാരന്റെ മനസ്സോടെയാണ് കോൺഗ്രസും ഈ വിഷയത്തെ സമീപിക്കുന്നതെങ്കിൽ ഭരണാധികാരികൾ ഇണ്ടാസുകൾ പുറപ്പെടുവിച്ച് രസിക്കുന്നത് നോക്കി നമുക്ക് വെറുതെയിരിക്കാം എന്നല്ലാതെ ഇന്ത്യയിൽ അടുത്തകാലത്തൊന്നും ഭീകരാക്രമണങ്ങൾ ഇല്ലാതാവാൻ പോകുന്നില്ല. രാജ്യസ്നേഹത്തെയും ഭീകരതയെയും വേറിട്ടുകാണാൻ ഇരുരാജ്യങ്ങളും തയാറായെങ്കിലേ രക്ഷയുള്ളൂ.

ഭീകരതയുടെ കാര്യത്തിൽ പാകിസ്താൻ നടത്തുന്ന കള്ളക്കളി അവസാനിപ്പിക്കണം എന്നതിൽ ഒരു അഭിപ്രായവ്യത്യാസവും ഇന്ത്യയിലില്ല. കസബും അയാളുടെ മുഴുവൻ തലതൊട്ടപ്പന്മാരും നൂറുശതമാനവും പാകിസ്താനികൾ തന്നെയാണ്. അതിലൊന്നും കോടതിഭാഷയിൽ അവർ തർക്കിച്ചിട്ടു കാര്യമില്ല. ഇനിയും ഒരായിരം കസബുമാരെ അവിടെ സ്വന്തം നിലയിലും അല്ലാതെയും പാകിസ്താൻ പോറ്റി വളർത്തുന്നുമുണ്ട്. ഭീകരതയെ ഇല്ലാതാക്കുകയാണ് ലക്ഷ്യമെങ്കിൽ കപടനാട്യങ്ങൾ അവസാനിപ്പിച്ചു തന്നെ വേണം പാകിസ്താൻ രംഗത്തിറങ്ങാൻ. ജിഹാദീ സംഘടനകളെ ആരു നിയന്ത്രിക്കുന്നു എന്ന ചോദ്യത്തിന് സത്യസന്ധമായ ഉത്തരം കണ്ടെത്തുമ്പോഴാണ് ഇരു രാജ്യങ്ങൾക്കുമിടയിൽ ശാശ്വതമായ സമാധാനം കൈവരുന്നത്. വിശാലമായ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ പരസ്പരം കൊന്നതും കൊല്ലിച്ചതുമായ കേസുകൾ ഇരു രാജ്യങ്ങളും ഒന്നിച്ച് അന്വേഷിക്കലാണ് പ്രശ്നപരിഹാരത്തിന് നല്ലത്; രാഷ്ട്രീയ 'കൂട്ടുകൃഷി'ക്ക് അത് ഗുണം ചെയ്യില്ലെങ്കിലും. ■